"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിങ് & ജിയോളജി വകുപ്പ് - ജീവനക്കാര്യം -ഡോ.സജികുമാർ ജിയോളജിസ്റ്റ് (റിട്ട) ന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1030/2024/ID തീയതി, തിരുവനന്തപുരം, 23-10-2024

---

പരാമർശം:-

1. മൈനിങ് ആൻഡ് ജിയോളജി ഡയറക്ടറുടെ 23.6.2022 ലെ 2107/ഇ1/2022 നം. കത്ത്.
2. 28.5.19 ലെ സ.ഉ (സാധാ) 428/2019/വ്യവ നം. സർക്കാർ ഉത്തരവ്.
3. ശ്രീ സജികുമാർ എസ് ന്റെ 14.2.2024 ലെ നിവേദനം.
4. മൈനിങ് ആൻഡ് ജിയോളജി ഡയറക്ടറുടെ 22.2.2024 ലെ 2107/ഇ1/2022 നം. കത്ത്.

**ഉത്തരവ്**

മൈനിങ് ആൻഡ് ജിയോളജി വകുപ്പ് തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റായി ജോലി ചെയ്യവെ 2017 ൽ KSEB യുടെ പേരിലുള്ള വ്യാജ work order ന്റെ പിൻബലത്തിൽ ആയത് വ്യാജ രേഖയാണെന്ന് അറിഞ്ഞുകൊണ്ടു തന്നെ മണ്ണ് നീക്കം ചെയ്യുന്നതിന് പെർമിറ്റും ട്രാൻസിറ്റ് പാസ്സും നൽകിയെന്ന പോലീസ് റിപ്പോർട്ടുമായി ബന്ധപ്പെട്ട് ശ്രീ സജികുമാർ എസ്, ജിയോളജിസ്റ്റ് ന് എതിരെ പാരിപ്പള്ളി പോലീസ് ക്രൈം നമ്പർ 2878/2017, 2968/2017, 2971/2017 കേസ് രജിസ്റ്റർ ചെയ്യുകയും ടിയാനെ അറസ്റ്റ് ചെയ്ത് കൊല്ലം ജില്ലാ ജയിലിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിക്കുകയും ചെയ്തതിനെ തുടർന്ന് 4.8.2018 മുതൽ ഡീംഡ് സസ്പെൻഷനിൽ ആവുകയും ചെയ്തിരുന്നു. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ടിയാനെ സർവ്വീസിൽ തിരിച്ചെടുക്കുകയും 29.5.2019 ന് ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു.

ഡോ.സജികുമാർ തന്റെ Deemed suspension കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർ പ്പിച്ചിരുന്നു. പാരിപ്പള്ളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 2968/2017 കേസ് ബഹു. പറവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി - II ന്റെ

05.01.2024 തീയതിയിലെ RC. 173/2023 ഉത്തരവ് പ്രകാരവും ക്രൈം നമ്പർ 2970/2017 കേസ് ഇതേ കോടതിയിലെ 05.01.2024 തീയതിയിലെ RC. 174/2023 ഉത്തരവ് പ്രകാരവും 'Refer Charge' അംഗീകരിച്ചിട്ടുള്ളതായും കൂടാതെ ക്രൈം നമ്പർ 2878/2017 കേസിൽ CC 303/23 പ്രകാരം ബഹു. കോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ള ഫൈനൽ റിപ്പോർട്ടിൽ ടിയാന്റെ പേര് പ്രതി സ്ഥാനത്തുനിന്നും ഒഴിവാക്കിയിട്ടുള്ളതായും ആഭ്യന്തര വകുപ്പ് അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ സജികുമാറിനെതിരെ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാലും പാരിപ്പള്ളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 2968/2017 കേസ് ബഹു. പരവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി -II യുടെ 05.01.2024 തീയതിയിലെ RC. 173/2023 ഉത്തരവ് പ്രകാരവും, ക്രൈം നമ്പർ 2970/2017 കേസ്, ടി കോടതിയിലെ 05.01.2024 തീയതിയിലെ RC. 174/2023 ഉത്തരവ് പ്രകാരവും 'Refer Charge' അംഗീകരിച്ചിട്ടുള്ളതിനാലും ക്രൈം നമ്പർ 2878/2017 കേസിൽ CC 303/23 പ്രകാരം ബഹു. കോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ള ഫൈനൽ റിപ്പോർട്ടിൽ ടിയാന്റെ പേര് പ്രതി സ്ഥാനത്തുനിന്നും ഒഴിവാക്കിയിട്ടുള്ളതിനാലും ഡോ.സജികുമാറിന്റെ 04-08-2018 മുതൽ 27-05-2019 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്ത തട്ടികിഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പെടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 28-05-2019 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSRs Part I Rule-56 B(9) Note-2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BYJU KUMAR S

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജിവകുപ്പ്തിരുവനന്തപുരം .

ശ്രീ സജികുമാർ, ജിയോളജിസ്റ്റ്, മൈനിംഗ് & ജിയോളജി വകുപ്പ്.

(മൈനിംഗ് & ജിയോളജി ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ) , കേരള , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) , കേരള ,തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻ (വെബ് & ന്യൂ ) മീഡിയ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

Date: 23-10-2024 10:35:16

സെക്ഷൻ ഓഫീസർ